# മരണപ്പെട്ട ഉപഭോക്താക്കളുടെ ആസ്തികൾ നിയമപരമായി ശേഷിച്ചവർക്ക്/അവകാശപ്പെടുന്നവർക്ക് റിലീസ് ചെയ്യൽ

DBOD. BC. No. 63/09.07.007/2001-2002 2002, ഫെബ്രുവരി 04

എല്ലാ വാണിജ്യബാങ്കുകൾക്കും (RRB-കൾ ഒഴികെ)

സർ,

മരണപ്പെട്ട ഉപഭോക്താക്കളുടെ ആസ്തികൾ നിയമപരമായി ശേഷിച്ചവർക്ക്/അവകാശപ്പെടുന്നവർക്ക് റിലീസ് ചെയ്യൽ.

മുകളിൽ കൊടുത്തിരിക്കുന്ന വിഷയത്തെ സംബന്ധിച്ചും 2002, ജനുവരി 1-ന് പുറപ്പെടുവിച്ച ഞങ്ങളുടെ സർക്കുലർ DBOD. BC. No. 55/09.07.007/2001-02 നോക്കുക. ഇതുമായി ബന്ധപ്പെട്ട്, താഴെ കൊടുത്തിരിക്കുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ച് മേൽപ്പറഞ്ഞ സർക്കുലർ താഴെപ്പറയും വിധം നടപ്പിൽ വരുത്താൻ അഭ്യർത്ഥിക്കുന്നു.

(i) ഖണ്ഡിക 1-ൽ മരണപ്പെട്ട നിക്ഷേപകരുടെ ക്രെഡിറ്റിലുള്ള തുക 25,000/- കയിൽ അധികമാകുന്നില്ലെങ്കിൽ എന്ന വാക്കുകൾക്കുപകരം ''മരണപ്പെട്ട നിക്ഷേപകരുടെ ക്രെഡിറ്റുള്ള തുക കണക്കിലെടുക്കാതെ'' എന്ന് മാറ്റി ചേർക്കേണ്ടതാണ്.

(ii) ഖണ്ഡിക 3-ൽ പരാമർശത്തിലുള്ള സർക്കുലറിന്റെ 3-ാം ഖണ്ഡികയിലെ 3-ാമത്തെ വരിയിൽ ''മരണപ്പെട്ട ഉപഭോക്താക്കൾ'' എന്നതിനും ''വിധേയമായി'' എന്നതിനും ഇടയിൽ ''തുക കണക്കിലെടുക്കാതെ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

2. അപ്രകാരം, പരാമർശത്തിലുള്ള മേൽപ്പറഞ്ഞ സർക്കുലറിന്റെ കീഴിൽ സൂചിപ്പിച്ചിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾക്ക് വിധേയമായിക്കൊണ്ട്, മറ്റ് ആസ്തികളും അവയുടെ മൂല്യം കണക്കിലെടുക്കാതെ തന്നെ റിലീസ് ചെയ്യാവുന്നതാണ്.

3. കത്ത് കിട്ടിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ,

**കെ.എൻ. റുപാനി**

ഡെപ്യൂട്ടി ജനറൽ മാനേജർ